## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.791. 07.02.2013 -ൽ മറുപടിയ്ക്ക്**

### റെഡ്ക്രോസ്സിലെ ജീവനക്കാരുടെ വേതനവ്യവസ്ഥകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ: | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | റെഡ്ക്രോസ്സ് മുൻ അഡ്മിനിസ്ട്രേറ്റർ, പ്രതിമാസം എത്ര രൂപ വീതമാണ് ഫണ്ടിൽനിന്നും കൈപ്പറ്റിയിട്ടുള്ളത്; അഡ്മിനിസ്ട്രേറ്ററുടെ വേതനം എത്രയാണ് എന്ന് വ്യക്തമാക്കാമോ; ഏത് ഫണ്ടിൽനിന്നാണ് വേതനം നൽകുന്നത്; | എ) | റെഡ്ക്രോസ്സ് സൊസൈറ്റി, കേരള സ്റ്റേറ്റ് ബ്രാഞ്ചിലെ മുൻ അഡ്മിനിസ്ട്രേറ്ററായ ശ്രീ. ജി. ശ്രീകുമാരൻ (റിട്ട. അഡീഷണൽ സെക്രട്ടറി) പുനർ നിയമന വ്യവസ്ഥ പ്രകാരമാണ് അഡ്മിനിസ്ട്രേറ്ററായി നിയമിതനായത്. 16.02.2012 മുതൽ 31.7.2012 വരെ പ്രതിമാസം 54,315/- രൂപ വീതവും 1.8.2012 മുതൽ 23/8/2012 വരെ 45,025/- രൂപയും കൈപ്പറ്റിയിട്ടുണ്ട്. പ്രസ്തുത തുക റെഡ്ക്രോസ്സ് ഫണ്ടിൽ നിന്നാണ് നൽകിയിട്ടുള്ളത്. റെഡ്ക്രോസ്സ് അഡ്മിനിസ്ട്രേറ്ററുടെ വേതനം നിജപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| ബി) | റെഡ്ക്രോസ്സിലെ ജീവനക്കാരുടെ ഏറ്റവും ഉയർന്ന ശമ്പളം എത്രയാണ്; ഏറ്റവും കുറഞ്ഞ ശമ്പളം എത്ര? | ബി) | റെഡ്ക്രോസ്സ് സൊസൈറ്റി, കേരള സ്റ്റേറ്റ് ബ്രാഞ്ചിലെ ജീവനക്കാരിൽ ഏറ്റവും ഉയർന്ന ശമ്പളം 7257/- രൂപയും ഏറ്റവും കുറഞ്ഞ ശമ്പളം 4137/- രൂപയും ആണ്. |

സെക്ഷൻ ഓഫീസർ